**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4206** **28-06-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഫയലുകളുടെ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഫയലുകൾ പരിശോധിക്കുന്നതിന് ഏതൊക്കെ വകുപ്പുകൾക്ക്/ വിഭാഗങ്ങൾക്കാണ് ചുമതല നൽകിയിട്ടുള്ളതെന്നും ഓരോ വകുപ്പിനേയും/വിഭാഗത്തേയും ഏതൊക്കെ തരം ഫയലുകൾ പരിശോധിക്കാനാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (എ) | സർക്കാരും പ്രിൻസിപ്പൽ ഡയറക്ടറും അനുവദിച്ചിട്ടുള്ള വകുപ്പുകൾ/ വിഭാഗങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഫയലുകൾ പരിശോധിക്കുന്നുണ്ട്. സർക്കാർ വിഭാഗങ്ങളായ ധനകാര്യ പരിശോധനാ വിഭാഗം, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്, സ്റ്റോർ പർച്ചേസ്, LSGD ( Vigilance) തുടങ്ങിയ വിഭാഗങ്ങൾ, മറ്റ വകുപ്പുകളായ വിജിലൻസ് വകുപ്പ് (VACB), സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, അക്കൌണ്ടന്റ് ജനറൽ തുടങ്ങിയവ പരിശോധന നടത്തുന്നുണ്ട്. 17.07.2020 തീയതിയിലെ ജിഒ (എം എസ്) നം.106/2020/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള അഞ്ചു വകുപ്പുകളെ ഏകീകരിച്ച് കൊണ്ടാണ് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകൃതമായിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇൻറേണൽ വിജിലൻസ് ഓഫീസർ, ജില്ലാ ജോയിൻറ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തുടങ്ങിയ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർ സർക്കാരിൽ നിന്നുള്ള ഉത്തരവുകൾ / സർക്കുലറുകൾ/ നിർദ്ദേശങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലും പ്രിൻസിപ്പൽ ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലും നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഫയലുകൾ പരിശോധിച്ച് വരുന്നു. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ചട്ടപ്രകാരവും, അഴിമതിരഹിതവും കാര്യക്ഷമവുമായി പ്രവർത്തിക്കുന്നതിനുള്ള ഉപദേശക സഹായ സംവിധാനമായി പ്രവർത്തിക്കുന്നതിനോടൊപ്പം വിജിലൻസ് സംവിധാനമായും പ്രവർത്തിക്കുന്നതിന് ഇൻറേണൽ വിജിലൻസ് സംവിധാനം തദ്ദേശ സ്വയംഭരണ വകുപ്പിൽ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഏതൊക്കെ തരം ഫയലുകൾ പരിശോധിക്കാനാണ് ഇന്റേണൽ വിജിലൻസ്, ടൗൺ പ്ലാനിംഗ് വിജിലൻസ് എന്നീ | (ബി) | തദ്ദേശസ്വയംഭരണ വകുപ്പിലെ ഇന്റേണൽ വിജിലൻസ് ഓഫീസർമാരുടെ ഉത്തരവാദിത്തവും, ചുമതലകൾ അധികാരപരിധി എന്നിവ |

| | | | |
|---|---|---|---|
| | വിഭാഗങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; | | നിശ്ചയിച്ചുകൊണ്ടുള്ള 18.06.2023 തീയതിയിലെ സ.ഉ(സാധാ) നം. 1262/2023/LSGD പ്രകാരം ഇന്റേണൽ വിജിലൻസ് ഓഫീസർമാർ പരിശോധന നടത്തേണ്ട വിഷയങ്ങൾ ഏതെങ്കിലും പ്രത്യേക മേഖലയിലായി പരിമിതപ്പെടുത്തിയിട്ടില്ല. മേൽ സാഹചര്യത്തിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ നിർദ്ദേശാനുസരണം ഏത് വിഷയത്തിലും ഇന്റേണൽ വിജിലൻസ് ഓഫീസർമാർക്ക് പരിശോധന നടത്താവുന്നതാണ്. സ.ഉ(സാധാ)നം. 1262/2023/LSGD ലെ ഖണ്ഡിക 2 (i) ൽ സാങ്കേതിക കാര്യങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പരിശോധനാ റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ജില്ലയിലെ എൻജിനീയറിങ്/ ടൌൺ പ്ലാനിങ് വിഭാഗം ജില്ലാ ഓഫീസർ ചുമതലപ്പെടുത്തുന്ന സാങ്കേതികവിഭാഗം ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 03.10.2013 ലെ സ.ഉ(എം.എസ്)നം. 2459/2013/തസ്വഭവ ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും പരിശോധിക്കുന്നതിന് ടൗൺ പ്ലാനിങ് വിജിലൻസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇന്റേണൽ വിജിലൻസ് വിഭാഗത്തിൽ ഏതൊക്കെ തസ്തികകളിൽപ്പെട്ട ഉദ്യോഗസ്ഥരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത വിഭാഗത്തിൽ ആരോഗ്യ, സാങ്കേതിക, ടൗൺ പ്ലാനിംഗ് വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) | തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലും ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിലും പ്രവർത്തിച്ചുവരുന്ന ഇൻറ്റേണൽ വിജിലൻസ് വിഭാഗത്തിൽ അസിസ്റ്റൻറ് ഡയറക്ടർ റാങ്കിലുള്ളവരാണ് ഇന്റേണൽ വിജിലൻസ് ഓഫീസർമാർ. വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗത്തിൽ ആരോഗ്യ, സാങ്കേതിക, ടൗൺ പ്ലാനിങ് വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ സ.ഉ (സാധാ) നം.1262/2023/LSGD ലെ ഖണ്ഡിക 2(i) ൽ സാങ്കേതിക കാര്യങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പരിശോധനാ റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ജില്ലയിലെ എൻജിനീയറിങ്/ ടൌൺ പ്ലാനിങ് വിഭാഗം ജില്ലാ ഓഫീസർ ചുമതലപ്പെടുത്തുന്ന സാങ്കേതികവിഭാഗം ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ